# പതിമൂന്നാം കേരള നിയമസഭ
## പന്ത്രണ്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ: 1903 — 08.12.2014-ൽ മറുപടിക്ക്

## <u>ഭരണസംവിധാനത്തിലെ പോരായ്മകൾ</u>

### <u>ചോദ്യം</u>

**ശ്രീ.കോടിയേരി ബാലകൃഷ്ണൻ**
**ശ്രീ.കെ.കെ.ജയചന്ദ്രൻ**
**ശ്രീ.പി.റ്റി.എ.റഹീം**
**ശ്രീ.ബി.സത്യൻ**

(എ) ഭരണ സംവിധാനത്തിന്റെ പോരായ്മ മൂലം ജനങ്ങൾ പ്രയാസങ്ങൾ നേരിടുന്നുവെന്ന വിമർശനം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ? ഭരണത്തിൽ സുതാര്യതയും ഏകോപനവും ഇല്ലെന്ന ആക്ഷേപങ്ങൾ വർദ്ധിച്ചു വരുന്നത് പരിശോധിച്ചിട്ടുണ്ടോ?

(ബി) ഉദ്യോഗസ്ഥതലത്തിലുൾപ്പെടെ ഭരണ സംവിധാനത്തിന്റെ വീഴ്ച മൂലം അടിയന്തിര പ്രാധാന്യത്തോടെ കൈകാര്യം ചെയ്യേണ്ട വിഷയങ്ങൾ പോലും ചുവപ്പ് നാടയിൽ കുടുങ്ങി കിടക്കുന്നുവെന്ന് കേരള ഹൈക്കോടതിയുടെ ഫുൾബെഞ്ച് അഭിപ്രായപ്പെടാനിടയായ സാഹചര്യം എന്തായിരുന്നുവെന്നു വിശദമാക്കാമോ?

### <u>മറുപടി</u>

**ശ്രീ.ഉമ്മൻചാണ്ടി**
**ബഹു. മുഖ്യമന്ത്രി**

<u>(എ) യും (ബി) യും</u>

ഭരണത്തിൽ കൂടുതൽ വിശ്വാസ്യതയും സുതാര്യതയും ഉറപ്പ് വരുത്തുന്നതിനായി സർക്കാർ നടപടിക്രമങ്ങൾ ആധുനികവൽക്കരിക്കുന്ന നടപടികൾ സ്വീകരിച്ചു വരുന്നു. ഇതിന്റെ ഭാഗമായി സർക്കാർ സേവനങ്ങൾ ഓൺലൈൻ മുഖേന ലഭ്യമാക്കുന്ന നടപടികൾ സ്വീകരിച്ചു വരുന്നു. ഇ-ഗവേർണൻസ് സംവിധാനങ്ങൾ നടപ്പിലാക്കിയതിലൂടെ സർക്കാർ സേവനങ്ങൾ ജനങ്ങൾക്ക് നേരിട്ട് സർക്കാർ ഓഫീസ് വഴിയും ഓൺലൈൻ വഴിയും ഫ്രണ്ട്സ്/അക്ഷയ കേന്ദ്രങ്ങൾ വഴിയും ലഭ്യമാക്കുന്നുണ്ട്. വിവരാവകാശ നിയമം നടപ്പിലാക്കിയത് ഭരണ സംവിധാനം വിശ്വസ്തവും സുതാര്യവുമാക്കാൻ സഹായകമാകുന്നുണ്ട്. അപേക്ഷകളിൽ കാലതാമസം കൂടാതെ എത്രയും വേഗം തീരുമാനം എടുക്കുന്നതിന്റേയും നടപടി ക്രമങ്ങൾ സുതാര്യവുമാക്കുന്നതിന്റേയും ഭാഗമായി സർക്കാർ ഓഫീസുകളിൽ കമ്പ്യൂട്ടർവൽക്കരണം നടത്തി വരുന്നു. ഇതിന്റെ ഭാഗമായി കമ്പ്യൂട്ടർ അധിഷ്ഠിത ഫയൽ നിരീക്ഷണ സംവിധാനമായ IDEAS, e-office തുടങ്ങിയ ആധുനിക സംവിധാനങ്ങൾ നടപ്പാക്കിവരുന്നു.

(തുടർച്ച ....2)

സെക്രട്ടേറിയറ്റിലെ വകുപ്പുകൾ ഉൾപ്പെടെ 117 വകുപ്പുകളിൽ/സ്ഥാപനങ്ങളിൽ 2012-ലെ കേരള സംസ്ഥാന സേവനാവകാശ നിയമ പ്രകാരം ഗസറ്റ് വിജ്ഞാപനം പുറപ്പെടുവിച്ചിട്ടുണ്ട്. നിശ്ചിത സമയ പരിധിയ്ക്കുള്ളിൽ പൊതു ജനങ്ങൾക്ക് സേവനങ്ങൾ പ്രദാനം ചെയ്യുന്നതിനും കാലതാമസം കൂടാതെ തീരുമാനമെടുക്കുന്നതിനും ഇതിലൂടെ സാധിക്കുന്നു. ഇങ്ങിനെ ഭരണത്തിലെ കാലതാമസം ഒഴിവാക്കിയും സുതാര്യതയും ഏകോപനവും വർധിപ്പിച്ചും നിരവധി നടപടികൾ ഈ സർക്കാർ കൈക്കൊണ്ടിട്ടുണ്ട്.

സെക്ഷൻ ഓഫീസർ